## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4936 22.05.2017 - ൽ മറുപടിക്ക്**

**<u>പൊതുമരാമത്ത് വകുപ്പിന് കീഴിൽ മണ്ണുപരിശോധന</u>**

| **<u>ചോദ്യം</u>** | | **<u>മറുപടി</u>** |
|---|---|---|
| **ശ്രീ.എം. സ്വരാജ് :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ മണ്ണ് പരിശോധന ഉൾപ്പെടെയുള്ളവ നടത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ നിലവിലുണ്ടോ ; | (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ മണ്ണ് പരിശോധനകൾ കെ. എച്ച്. ആർ. ഐ - ൽ നിലവിലുണ്ട്. എന്നാൽ കെട്ടിട വിഭാഗത്തിന് കീഴിൽ വരുന്ന എല്ലാ പ്രവൃത്തികൾക്കും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ കെ. എച്ച്. ആർ. ഐ. അപര്യാപ്തമായതിനാൽ സർക്കാർ എംപാനൽ ചെയ്ത കൺസൾട്ടൻസ് വഴിയും സോയിൽ ഇൻവെസ്റ്റിഗേഷനുകൾ നടത്തി വരുന്നു. |
| (ബി) ഇല്ലെങ്കിൽ ഈ സംവിധാനങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) | എംപാനൽ നടത്തുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സർക്കാർ ഉത്തരവ് ജി. ഒ. (എം. എസ്) നമ്പർ. 24/2017/പൊ.മ.വ തീയതി 10.04.2017 പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ലാബുകളോടനുബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകൾ തുടങ്ങാൻ അനുമതി നൽകിട്ടിയി- |

ട്ടുണ്ട്. ആയതിലേക്ക വേണ്ടി ഉള്ള എഞ്ചിനീയർമാരെ നിയമിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുമായി ഡി. പി. ആർ. പ്രിപ്പറേഷൻ, ഇൻവെസ്റ്റിഗേഷൻ എന്നിവയ്ക്കായി ഒരു എം. ഒ. യു. എഗ്രിമെന്റ് ഏർപ്പെടുത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങികഴിഞ്ഞു. കൂടാതെ എംപാനൽഡ് കൺസൾട്ടൻസി രീതിയെ ഒഴിവാക്കി അവശ്യ ഘട്ടങ്ങളിൽ ഓപ്പൺ ടെണ്ടർ വിളിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ വേണ്ടി നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | ഇത്തരം സംവിധാനങ്ങൾ വകുപ്പിന് കീഴിൽ ഇല്ലാത്തതിനാൽ പാലങ്ങളുടേയും മറ്റും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടാകുന്ന അവസ്ഥ നിലവിലുണ്ടോ? | (സി) | ഇൻവെസ്റ്റിഗേഷൻ വൈകുന്നതു കാരണം പാലങ്ങളുടേയും മറ്റും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കാലതാമസം ഒഴിവാക്കുന്നതിന് മേൽ നടപടികൾ സ്വീകരിച്ചത്. |

**സെക്ഷൻ ഓഫീസർ**